DESPATCHED
On...15/06/2020



12/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.167(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1482/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ടി.കെ.ഗോപി
തടത്തിൽ വീട്
കാവും മുകൾ
മുളന്തുരുത്തി പി.ഒ
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി
   മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
   എറണാകുളം ജില്ല–682314

2. അപ്പീൽ അധികാരി
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.12.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 21.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 31.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02.03.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ നൽകിയെങ്കിലും മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 12.11.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ 17.09.2018 ന് പഞ്ചായത്തിൽ നൽകിയ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും, എന്ത് കൊണ്ടാണ് കാവുംമുകൾ റോഡ് നന്നാക്കാത്തതെന്നും, പഞ്ചായത്ത് റോഡ് നന്നാക്കാനുള്ള ഫണ്ട് ഇല്ലേയെന്നും തുടങ്ങിയുള്ള 3 ഇനം വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി 04.12.2018 ന് എസ്.പി.ഐ.ഒ നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 10.12.2018– ൽ അപ്പീൽ നൽകുകയും 21.01.2019 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയപ്പോൾ ഏതെങ്കിലും വിവരം നൽകാൻ കഴിഞ്ഞില്ലെങ്കിൽ അത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുകയും അപ്പീൽവാദിക്ക് മറുപടി നൽകുകയും ചെയ്യേണ്ടതെന്നും, വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടതില്ലെങ്കിലും ടി ഓഫീസിലോ ബന്ധപ്പെട്ട ഓഫീസിലോ രേഖകളുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം മറുപടിയിൽ വ്യക്തമായിരുന്നുവെന്നും അപ്പീൽവാദിയുടെ ക്രമനമ്പർ 3 ൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാണെങ്കിൽ ചട്ടങ്ങൾക്ക് വിധേയമായി നൽകണമെന്നും കഴിയുന്നില്ലെങ്കിൽ എന്തടിസ്ഥാനത്തിലെന്നു വ്യക്തമാക്കി അപ്പീൽവാദിക്ക് 10 ദിവസത്തിനകം മറുപടി നൽകണമെന്നും നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കി.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് ഒന്നാം അപ്പീലധികാരിയുടെ നിർദ്ദേശം അനുസരിച്ച് സമയബന്ധിതമായി മറുപടി നൽകാൻ സാധിച്ചില്ലെന്ന് കമ്മീഷൻ വീക്ഷിക്കുകയും എന്നാണ് മറുപടി നൽകിയത് എന്നുൾപ്പെടെയുള്ള റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കാൻ എസ്.പി.ഐ.ഒ യോട് നിർദ്ദേശിക്കുകയും, 07.03.2020 –ൽ കമ്മീഷനിൽ ലഭിച്ച റിപ്പോർട്ടിൽ 24.02.2020 ന് അപ്പീൽ അധികാരിയുടെ നിർദ്ദേശം അനുസരിച്ച് രേഖകൾ നൽകിയിട്ടുണ്ടെന്നും, പരാതിക്ക് പരിഹാരം കണ്ടിട്ടുള്ളതാണെന്നും, പരാതിയില്ലെന്ന് അപ്പീൽ വാദി അറിയിച്ചിട്ടുള്ളതാണെന്നുമാണ് എസ്.പി.ഐ.ഒ ബോധി

പ്പിച്ചത്. പരാതിക്ക് പരിഹാരമായെങ്കിലും സമയബന്ധിതമായി മറുപടി നൽകാത്തത് കമ്മീഷൻ വീഴ്ചയായി കാണുകയും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് എസ്.പി.ഐ.ഒ യ്ക്ക് കർശനമായി താക്കീത് നൽകുകയും ചെയ്യുന്നു. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികളാവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 മേയ് 12–ാം തീയതി തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res

RIGHT TO INFORMATION